# കേരള സർവകലാശാല

നം. പി.ആർ.104/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി നൽകും

കാർത്തിക രാധാകൃഷ്ണൻ, അനു.കെ, രശ്മിരാജ്.എൽ, സാജൻ.ജെ.എസ്, മനേഷ് കുഞ്ഞുമോൻ (ബയോടെക്നോളജി), അനിത.വി.എസ്, രശ്മി.കെ. എസ്, ലക്ഷ്മി.പി.നായർ (ഫിസിക്സ്), ശരണ്യകൃഷ്ണൻ.എസ്.ആർ, സുനിൽകുമാർ.എസ് (ബോട്ടണി), ലീലാമ്മ.കെ.വി (മാത്തമാറ്റിക്സ്), ഡോ. ജയകുമാരി.എം (മെഡിസിൻ), അനിത.ബി (നാനോസയൻസ് ആന്റ് നാനോടെക്നോളജി), രഞ്ജിനി.കെ.ആർ, ജറിൻ പോൾ (സ്റ്റാറ്റിസ്റ്റിക്സ്), ജിത്തു.യു.കൃഷ്ണൻ, പ്രീത കാർണവിർ (സുവോളജി), ബിജി.സി.എൽ (കമ്പ്യൂട്ടേഷണൽ ബയോളജി & ബയോഇൻഫർമാറ്റിക്സ്), ഷാനിദാ ബീഗം.എസ്.യു (എൻവയോൺമെന്റൽസയൻസ്), രജി മോൾ.ഡി (ഡെമോ ഗ്രഫി), ഹേമ നളിനി.എ.വി (സിവിൽ എഞ്ചിനീയറിംഗ്), മഹ്ദി നഖ്ധി ബഹർ, ഷൈനി.വി.എൻ , മഹദി ഫല്ലാമെഹ്നെ (കൊമേഴ്സ്), ആൻ മേരി തോമസ്, രാജീവ്.എൽ, ഹനിയേ സാബെത്, സാബു.കെ, സിനി.വി.പിള്ള (മാനേജ്മെന്റ് സ്റ്റഡീസ്), ഷീന.വി.ആർ (ആർക്കിയോളജി), ശാന്തി.ആർ.ഐ, സിന്ധു.വി, പൗർണമി വിജയൻ, ഷിംന.ആർ.എസ് (ഹിന്ദി), സുഹ്റ രമീസനിപൂർ, ദീപക്. എസ് (സൈക്കോളജി), ഹരാ വൺ.എ, അനില ചാക്കോ (എഡ്യൂക്കേഷൻ), ലക്ഷ്മി.എൽ, സിന്ധു പ്രതാപ് (ഇക്കണോമിക്സ്), ശ്രീജ.എൽ, റോഷി.യു, ബിജു.ബി.കെ, അനീഷ്യ.പി.മോഹൻ, വിനീത്.വി.എസ്, സംഗീത.കെ.ജി, വാസു.എ.കെ (മലയാളം), മീന കുമാരി.എസ്, ഗിരീഷ്.ആർ, ശ്യാംകുമാർ.ആർ. എസ്, ഷീമ.എസ്.ധർ (ലോ), ബിന്ദു.കെ.രവി, സജീർ.എസ്, വിജിൻദാസ്.എസ്, മറിയം ജോർജ് (ഹിസ്റ്ററി), സഞ്ചിത.ജെ, സജീന ഷുക്കൂർ (ലിംഗിസ്റ്റിക്സ്), സുമതി.എസ്, കലാറാണി.റ്റി (തമിഴ്), ജോസഫ്.എൻ, സിന്ധു.എസ് (ഫിലോസ ഫി), മിധുല സോമൻ.വി.എസ് (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), ശരണ്യ.എസ് (കെമിസ്ട്രി) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### എം.ഫിൽ പ്രവേശനം

കേരള സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ പഠന വകുപ്പുകളിലേക്ക് എം.ഫിൽ അഡ്മിഷന് വേണ്ടിയുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. മെയ് 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

### ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ കരിയർ റിലേറ്റഡ് പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മെയ് 16 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ കരി യർ റിലേറ്റഡ് സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ ബി.ബി.എ (2010 അഡ്മിഷൻ - മേഴ്സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയ്ക്ക് മാറാനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജ്, പിരപ്പൻകോട് യു.ഐ.ടി,

കുറവൻകോണം യു.ഐ.ടി, വാഴിച്ചൽ ഇമ്മാനുവൽ കോളേജ്, അമ്പലത്തറ നാഷണൽ കോളേജ്, ചാവർകോട് സി.എച്ച്.എം.എം കോളേജ്, തോന്നയ്ക്കൽ എ.ജെ കോളേജ്, തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം ആൾ സെയ്ന്റ്സ് കോളേജ്, കാര്യവട്ടം ഗവ. കോളേജ്, പാങ്ങോട് മന്നാനിയ കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ്, സി.എ.എസ് ധനുവച്ചപുരം, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, വർക്കല എസ്.എൻ കോളേജ്, എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കുറവൻകോണം യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും വടക്കേവിള ശ്രീനാരായണ കോളേജ് ഓഫ് ടെക്നോളജി, ശാസ്താംകോട്ട യു.ഐ.ടി, കൊല്ലം യു.ഐ.ടി, കൊല്ലം എസ്.എൻ കോളേജ്, എസ്.എൻ വിമൻസ്, തെന്മല യു.ഐ.ടി, ചാത്തന്നൂർ എസ്.എൻ കോളേജ്, പുനലൂർ എസ്.എൻ കോളേജ് എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കൊല്ലം യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും ആലപ്പുഴ നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, തുറവൂർ എസ്.എൻ.ജി.എം, ചേർത്തല എസ്.എൻ കോളേജ്, മാവേലിക്കര ബിഷപ്മൂർ കോളേജ്, മാവേലിക്കര സി.എ.എസ്, നങ്ങ്യാർകുളങ്ങര ടി.കെ.എം.എം കോളേജ്, ആലപ്പുഴ യു.ഐ.ടി, കരുവാറ്റ യു.ഐ.ടി എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി ആലപ്പുഴ യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും അടൂർ സി.എ.എസ്, അടൂർ യു.ഐ.ടി, ഏരൂർ യു.ഐ.ടി, പത്തനാപുരം യു.ഐ.ടി, കൊട്ടാരക്കര യു.ഐ.ടി, ആയൂർ മാർത്തോമ കോളേജ്, കൊട്ടാരക്കര എസ്.ജി കോളേജ്, അടൂർ കെ.വി.വി.എസ് കോളേജ്, പന്തളം എൻ.എസ്.എസ്, പുനലൂർ എസ്.എൻ.ജി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി അടൂർ യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതുമാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.എ/ബി.എസ്‌സി/ബി.കോം പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മെയ് 16-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോം സി.ബി.സി.എസ് (2011, 2012 അഡ്മിഷൻ, 2010 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പരീക്ഷാകേന്ദ്രങ്ങൾ തിരുവനന്തപുരം - എം.ജി കോളേജ്, കൊല്ലം - ശാസ്താംകോട്ട ഡി.ബി. കോളേജ്, ആലപ്പുഴ - എസ്.ഡി കോളേജ്, പത്തനംതിട്ട - അടൂർ സെന്റ് സിറിൾസ് എന്നിങ്ങനെ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഓരോ സെന്ററിലേക്കും അലോട്ട് ചെയ്തിട്ടുള്ള കോളേജുകളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.കോം പ്രൊജക്ട് വൈവയും പ്രാക്ടിക്കലും

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രൊജക്ട് വൈവ മെയ് 16, 17 തീയതികളിലും പ്രാക്ടിക്കൽ പരീക്ഷ മെയ് 18, 19 തീയതികളിലും അതാത്

കേന്ദ്രങ്ങളിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.കോം പുനർമൂല്യനിർണയം അപേക്ഷ തീയതിനീട്ടി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം 2016 ജൂലൈ–ആഗസ്റ്റ് മാസത്തിൽ നടത്തിയ എം.കോം അവസാന വർഷ പരീക്ഷയുടെ പുനർമൂല്യ നിർണയത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 1000 രൂപ പിഴ യോട്കൂടി മെയ് 20 വരെ നീട്ടിയിരിക്കുന്നു.

## ബി.എസ്സി വൈവ വോസി ടൈംടേബിൾ

കേരള സർവകലാശാല മെയ് 17–ന് തുടങ്ങുന്ന ആറാം സെമസ്റ്റർ സി.ബി.സി. എസ് ബി.എസ്സി മാത്തമാറ്റിക്സ് വൈവ വോസി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ടെക്നോ ടീച്ചിങ്: ദ്വിദിന ശിൽപശില

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം ഇ–പ്രോഫും സംയു ക്തമായി കോളേജ് അദ്ധ്യാപകർക്കും ഗവേഷകർക്കും ശിൽപശില സംഘടി പ്പിക്കുന്നു. നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള അദ്ധ്യാപനത്തിൽ പ്രായോഗിക പരിശീലനം നൽകുന്ന ശിൽപശില മെയ് 19, 20 തീയതികളിൽ വിദൂര പഠനവകുപ്പിൽ വച്ച് നടക്കും. ഗുജറാത്തിലെ ഭാവനഗർ സർവകലാശാലയിലെ ഇംഗ്ലീഷ് വിഭാഗം തലവൻ പ്രൊഫ. ദിലീപ് ബാറാഡ് ക്ലാസുകൾ നയിക്കും. താൽപര്യമുള്ള അദ്ധ്യാപകരും ഗവേഷകരും മെയ് 15–ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പ്രവേശനം. രജിസ്ട്രേഷൻ സൗജന്യമാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 9387839871.

## ബി.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂൺ 27–ന് ആരംഭി ക്കുന്ന ആറാം സെമസ്റ്റർ ബി.ബി.എ (2014 റെഗുലർ & 2013 അഡ്മിഷൻ സപ്ലി മെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 25 (50 രൂപ പിഴയോടെ മെയ് 27, 125 രൂപ പിഴയോടെ കൂടി മെയ് 30) വരെ ഫീസടച്ച് അപേക്ഷിക്കാം. ഫീസിന് പുറമേ 200 രൂപ ക്യാമ്പ് ഫീ ആയും അടയ്ക്കണം. വിശദമായ ടൈംടേബിൾ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കും.

## എം.എച്ച്.എ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ജൂൺ 19 മുതൽ നട ത്തുന്ന രണ്ടാം വർഷ എം.എച്ച്.എ (റഗുലർ ആന്റ് സപ്ലിമെന്ററി) പരീ ക്ഷയ്ക്കും ജൂലൈ മൂന്ന് മുതൽ നടത്തുന്ന മൂന്നാം വർഷ എം.എച്ച്.എ (റഗു ലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയ്ക്കും പിഴകൂടാതെ മെയ് 25 (50 രൂപ പിഴയോടെ മെയ് 27, 125 രൂപ പിഴയോടെ കൂടി മെയ് 30) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല മെയ് 19 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് – വൺ ഇയർ പ്രോഗ്രാം, 2014 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.വോക് ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352) പരീക്ഷയുടെ (റഗുലർ – 2015 അഡ്മിഷൻ, സപ്ലിമെന്ററി – 2014 അഡ്മിഷൻ, 2014 സ്കീം) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മൂല്യനിർണയം: അദ്ധ്യാപകർ ഹാജരാകണം

കേരള സർവകലാശാലയുടെ ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് (ബി.എ/ബി.എസ്സി/ബി.കോം/കരിയർ റിലേറ്റഡ്) പരീക്ഷകളുടെ മൂല്യനിർണയത്തിന് നിയോഗിക്കപ്പെട്ട എല്ലാ അദ്ധ്യാപകരും താഴെ പറയുന്ന ദിവസങ്ങളിൽ അതാത് ക്യാമ്പുകളിൽ ഹാജരാകണം. മെയ് 17 – ബി.കോം (ചീഫ് വാല്യുവേഷൻ & സ്കീം ഡിസ്കഷൻ), മെയ് 18 – ബി.കോം (അഡിഷണൽ & ചീഫ് വാല്യുവേഷൻ), മെയ് 20 – ബി.എ/ബി.എസ്സി (ചീഫ് വാല്യുവേഷൻ & സ്കീം ഡിസ്കഷൻ), മെയ് 22 – ബി.എ/ബി.എസ്സി (അഡീഷണൽ & ചീഫ് വാല്യുവേഷൻ), മെയ് 24 – കരിയർ റിലേറ്റഡ് കോഴ്സുകൾ (ചീഫ് വാല്യുവേഷൻ & സ്കീം ഡിസ്കഷൻ), മെയ് 25 – കരിയർ റിലേറ്റഡ് കോഴ്സുകൾ (അഡീഷണൽ & ചീഫ് വാല്യുവേഷൻ). മൂല്യനിർണ്ണയ കേന്ദ്രങ്ങൾ-തിരുവനന്തപുരം- എം.ജി കോളേജ് (ബി.എ/ബി.എസ്സി), ഗവ.വിമൻസ് കോളേജ് (ബി.കോം). കൊല്ലം- എസ്.എൻ കോളേജ് (ബി.എ/ബി.എസ്സി/ബി.കോം/ കരിയർ റിലേറ്റഡ്). പന്തളം എൻ.എസ്.എസ് കോളേജ് (ബി.എ/ ബി.എസ്സി/ ബി.കോം/ കരിയർ റിലേറ്റഡ്). ആലപ്പുഴ എസ്.ഡി കോളേജ് (ബി.എ/ ബി.എസ്സി/ ബി.കോം/ കരിയർ റിലേറ്റഡ്).

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല മെയ്/ജൂണിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) റഗുലർ പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 23 (50 രൂപ പിഴയോടെ മെയ് 25, 125 രൂപ പിഴയോടെ കൂടി മെയ് 27) വരെ ഓൺലൈനായി ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മെയ് 29-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് 2013 സ്കീം, റെഗുലർ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ഫലം

കേരള സർവകലാശാലയുടെ 2016 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം. എസ്‌സി മെഡിസിനൽ കെമിസ്ട്രി, കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി എന്നീ വിഷയങ്ങളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസം വഴി നടത്തുന്ന മൂന്നാം വർഷ ബി.സി.എ (2014-2016 ബാച്ച്)-ന്റെ പ്രാക്ടിക്കൽ ക്ലാസുകൾ മെയ് 16 മുതൽ പാളയം എസ്.ഡി.ഇ -യിൽ ആരംഭിക്കും. വിശദവിവരങ്ങൾ എസ്.ഡി.ഇ വെബ്സൈറ്റിൽ ലഭിക്കും.

## ബി.എസ്‌സി പ്രാക്ടിക്കൽ വൈവ

കേരള സർവകലാശാല മെയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ആറാം സെമസ്റ്റർ ബി.എസ്‌സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 15 മുതലും ബി.എസ്‌സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) പ്രോജക്ട് ആന്റ് വൈവ പരീക്ഷകൾ മെയ് 15 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്‌സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബയോടെക്നോളജി (മൾട്ടിമേജർ) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 15-ന് തുടങ്ങും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക് പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന ബി.ആർക് ഒന്ന്, രണ്ട്, ആറ്, എട്ട് സെമസ്റ്ററുകളുടെ പരീക്ഷകളുടെ (2008 സ്കീം സപ്ലിമെന്ററി) ഫീസ് അടക്കുന്നതിനുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ജൂൺ രണ്ടിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ആർക് (2013 സ്കീം) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം പാർട്ട്ടൈം റീസ്ട്രക്ചേർഡ് റഗുലർ) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ മെയ് 12 മുതൽ ആരംഭിക്കും. പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 18 (50 രൂപ പിഴയോടെ മെയ് 20, 125 രൂപ പിഴയോടെ കൂടി മെയ് 22) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഹാൾടിക്കറ്റ് ഡൗൺലോട് ചെയ്യണം

കേരള സർവകലാശാല മെയ് 17-ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ത്രീ മെയിൻ) പരീക്ഷയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റ് മെയ് 13 മുതൽ ഡൗൺലോട് ചെയ്യാം. മൂന്നാം വർഷ സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റ് നേരത്തേ അറിയിച്ചിരുന്ന സെന്ററുകളിൽ നിന്ന് കൈപ്പറ്റണം.

## ബി.കോം പരീക്ഷകേന്ദ്രം

കേരള സർവകലാശാല മെയ് 15-ന് ആരംഭിക്കുന്ന പാർട്ട് മൂന്ന് ബി.കോം ഒന്നാം വർഷ പരീക്ഷയ്ക്ക് കൊല്ലം എസ്.എൻ കോളേജ് ഫോർ വിമൺ പരീക്ഷകേന്ദ്രമായി ആവശ്യപെട്ട ആൺകുട്ടികൾ കൊല്ലം എസ്.എൻ കോളേജിൽ പരീക്ഷ എഴുതണം.

## ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ഫലം

കേരള സർവകലാശാല 2016 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (2014 സ്കീം റെഗുലർ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനുള്ള അവസാന തീയതി ജൂൺ 12. വിശദമായ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
12.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098